അവിടെയുള്ള ക്ഷേത്രവും അതുപോലെതന്നെ പഴയ കൊട്ടാരങ്ങളുമെല്ലാം ദർശിക്കുന്നതിനും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനും സൗകര്യങ്ങൾ വളരെ കുറവാണ്. അവിടെ യാതൊരു സൗകര്യങ്ങളുമില്ല. ആ സാഹചര്യം കണക്കിലെടുത്ത് ശബരിമലയുടെ വികസനത്തോടൊപ്പം തന്നെ പന്തളത്ത് എത്തിച്ചേരുന്ന അയ്യപ്പഭക്തന്മാർക്കുള്ള സൗകര്യങ്ങൾ ക്രമീകരിക്കുവാനും അവിടെനിന്നും നേരിട്ട് പമ്പയ്ക്ക് പോകുവാനുമുള്ള ട്രാസ്പോർട്ട് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. സി. കെ. നാണു : ശബരിമലയ്ക്ക് ഇന്നുള്ളതിനേക്കാൾ കൂടുതൽ ട്രാൻസ്പോർട്ട് സൗകര്യം എങ്ങനെ ഏർപ്പെടുത്താൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ ശബരിമലയുടെ കാര്യത്തിൽ, പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് പന്തളത്തിനുള്ളത്. ശബരിമലക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ടു കൊണ്ട് പന്തളത്ത് എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കാം.

മി. സ്പീക്കർ : ചോദ്യം നംപർ 510 ഉം, 511 ഉം ക്ളബ് ചെയ്യാം.

നെൽകൃഷി വികസന പദ്ധതികൾ

3 (*510) ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി എത്ര ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ?

(ബി) പ്രസ്തുത ഏജൻസികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ മുഖാന്തിരം നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) നെൽകൃഷി വികസനത്തിനായി സംസ്ഥാനത്ത് 11 ഏജൻസികളാണ് രൂപീകരിച്ചിട്ടുള്ളത്. അവ താഴെപ്പറയുന്നവയാണ്.

1. കാടാംപള്ളി നെൽകൃഷി വികസന ഏജൻസി.
2. പൊന്നാനി കോൾനില വികസന ഏജൻസി.
3. വയനാട് നെൽകൃഷി വികസന ഏജൻസി.

LIBRARY ARCHIVES Kerala Legislative Assembly

4. തൃശ്ശൂർ കോൾനില വികസന ഏജൻസി.
5. പാലക്കാട് നെൽകൃഷി വികസന ഏജൻസി.
6. പൊക്കാളി നെൽകൃഷി വികസന ഏജൻസി.
7. കുട്ടനാട് നെൽകൃഷി വികസന ഏജൻസി.
8. തുറവൂർ കോൾനില വികസന ഏജൻസി.
9. ഓണാട്ടുകര കൃഷി വികസന ഏജൻസി.
10. വൈക്കം കരിനില വികസന ഏജൻസി.
11. പുറക്കാട് കരിനില വികസന ഏജൻസി.

(ബി) 18 കോടിയോളം രൂപ താഴെപ്പറയുന്ന കണക്കനുസരിച്ച് ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

കാടാംപള്ളി നെൽകൃഷി വികസന ഏജൻസി	30 ലക്ഷം രൂപ
പൊന്നാനി കോൾനില വികസന ഏജൻസി	145 ലക്ഷം രൂപ
വയനാട് നെൽകൃഷി വികസന ഏജൻസി	77 ലക്ഷം രൂപ
തൃശ്ശൂർ കോൾനില വികസന ഏജൻസി	566 .22 ലക്ഷം രൂപ
പാലക്കാട് നെൽകൃഷി വികസന ഏജൻസി	177 ലക്ഷം രൂപ
പൊന്നാനി നെൽകൃഷി വികസന ഏജൻസി	142. 10 ലക്ഷം രൂപ
കുട്ടനാട് നെൽകൃഷി വികസന ഏജൻസി	187 ലക്ഷം രൂപ
തുറവൂർ കോൾനില വികസന ഏജൻസി	77 ലക്ഷം രൂപ
ഓണാട്ടുകര നെൽകൃഷി വികസന ഏജൻസി	172 ലക്ഷം രൂപ
വൈക്കം കരിനില വികസന ഏജൻസി	162 ലക്ഷം രൂപ
പുറക്കാട് കരിനില വികസന ഏജൻസി	142 ലക്ഷം രൂപ

മറ്റ് പാടശേഖരങ്ങൾക്ക് 495.68 ലക്ഷം രൂപയും നൽകിയതുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ 23.12 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) ഉൽപ്പാദനക്ഷമതാ വർദ്ധനവിന് അനുയോജ്യമായ വിധത്തിൽ മറ്റ് ഏജൻസികളുടെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിൽ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുക, ഉൽപാദനോപാദികളായ വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയം തയ്യാറാക്കുക. യന്ത്രസാമഗ്രികൾ എത്തിക്കുക എന്നിവ ഏജൻസികൾവഴി ചെയ്തുവരുന്നു. ഒരുപ്പുനിലങ്ങൾ ഇരുപ്പു നിലങ്ങളായും ഇരുപ്പു നിലങ്ങൾ മൂപ്പുനിലങ്ങളായും മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രിയാത്മകമായി ഏകോപിപ്പിച്ച് നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി 1991-97 ൽ ഒരു ഹെക്ടറിന് 1959 കിലോഗ്രാം ആയിരുന്ന നെല്ലിന്റെ ഉൽപാദനക്ഷമത 1999-2000 ത്തിൽ 3167 കിലോഗ്രാമായി വർദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly